വിജിലൻസ് അന്വേഷണം

235 (1979) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോഴത്തെ മുഖ്യമന്ത്രിക്കെതിരെ എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

ഇപ്പോഴത്തെ മുഖ്യമന്ത്രിക്കെതിരെ വിജിലൻസ് കേസുകളൊന്നും നിലവിലില്ല.

വിജിലൻസ് സംവിധാനം

236 (1980) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ വർദ്ധിച്ചുവരുന്ന ക്രമക്കേടുകളും അഴിമതികളും തടയാൻ നിലവിലുള്ള വിജിലൻസ് സംവിധാനം എത്രത്തോളം പര്യാപ്തമാണെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പുകളിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും രൂപീകരിച്ച വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ അടിക്കടി മിന്നൽ പരിശോധനകൾ നടത്തിവരുന്നു. നിലവിലുള്ള അംഗബലം കൊണ്ട് പരമാവധി അഴിമതി തടയാൻ വിജിലൻസ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) എല്ലാ വകുപ്പുകളിലും വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് സെല്ലിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്കുവേണ്ടി വിജിലൻസ് ഡയറക്ടർ പ്രത്യേകം പരിശീലന ക്ലാസുകൾ സംഘടിപ്പിച്ച് അവരുടെ പ്രവർത്തനം വിലയിരുത്തിവരുന്നു.

(സി) അതത് ഓഫീസുകളിലുണ്ടാകുന്ന അഴിമതിയും ക്രമക്കേടുകളും കണ്ടുപിടിച്ച് യുക്തമായ നടപടി സ്വീകരിക്കാൻ വിജിലൻസ് സെല്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് പൂർണ്ണ അധികാരമുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയാൽ വിജിലൻസ് ബ്യൂറോയെ അറിയിക്കുകയും അത്തരം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ബ്യൂറോ യുക്തമായ നടപടി സ്വീകരിക്കുകയും ചെയ്യും.

വിജിലൻസ് വകുപ്പിന്റെ പുനഃക്രമീകരണം

237 (1981) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വകുപ്പിലെ അന്വേഷണ വിഭാഗത്തിൽ വകുപ്പുതല നിയമ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെക്കൂടി നിയമിച്ച് കാര്യക്ഷമമാക്കുമോ;

(ബി) വിജിലൻസ് പ്രത്യേക വിഭാഗമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണ വേളയിൽത്തന്നെ നിയമ പരിജ്ഞാനമുള്ള ലീഗൽ അഡ്വൈസർ, അസിസ്റ്റന്റ് ലീഗൽ അഡ്വൈസർ എന്നിവരുമായി നിയമപരമായ സംഗതികൾ ചർച്ച ചെയ്താണ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. അതുകൂടാതെ അന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് നിയമപരമായ വിജ്ഞാനത്തിന് പ്രത്യേകം പരിശീലന ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

(ബി) വിജിലൻസ് പ്രത്യേക വിഭാഗമായിട്ടാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്.

മന്ത്രിമാർക്കെതിരെ കേസ്

238 (1982) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര മന്ത്രിമാർക്കെതിരെ കോടതികളിൽ കേസ്സ് നിലനിൽക്കുന്നുണ്ട്;

(ബി) ഏതെല്ലാം മന്ത്രിമാർക്കെതിരെയാണ് കേസ്സ് നിലനിൽക്കുന്നത്; ഇവർക്കെതിരെയുള്ള അഴിമതി ആരോപണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. പി. ജെ. ജോസഫിനെതിരെയുള്ള രണ്ട് കേസുകളിൽ (വി.സി. 06/2012/ഇ.ആർ.കെ.,

LIBRARY ARCHIVES Kerala Legislative Assembly